## സാമൂഹ്യശാസ്ത്രം II

### അധ്യായം 4




# ഭൂതലവിശകലനം ഭൂപടങ്ങളിലൂടെ

1. ഇന്ത്യയിൽ ധരാതലീയ ഭൂപടനിർമാണത്തിന്റെ ചുമതല ഏത് കേന്ദ്രസർക്കാർ ഏജൻസിക്കാണ്?

   സർവേ ഓഫ് ഇന്ത്യ

2. ധരാതലീയ ഭൂപടങ്ങളുടെ പ്രത്യേകതയെന്ത്?

   പ്രകൃതിദത്തവും മനുഷ്യനിർമിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളെയും വളരെ സൂക്ഷ്മമായി ചിത്രീകരിക്കുന്ന ഭൂപടങ്ങളാണ് ധരാതലീയ ഭൂപടങ്ങൾ.

3. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗവും നിർമാണവും കർശനമായി നിയന്ത്രിച്ചിരിക്കുന്നു കാരണമെന്ത്?

   - രാജ്യസുരക്ഷയ്ക്ക് ഭീഷണിയാകും
   - തന്ത്രപ്രധാനങ്ങളായ പ്രദേശങ്ങളുടെ വിവരങ്ങൾ ശേഖരിക്കാൻ കഴിയുന്നതിനാൽ.

4. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എന്തെല്ലാം?

   - ഭൂപ്രദേശങ്ങളുടെ ഭൗതീകവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്.
   - സൈനികപ്രവർത്തനങ്ങൾക്കും സൈനിക ഭൂപടനിർമാണത്തിനും
   - സാമ്പത്തിക ആസൂത്രത്തിന്റെ ഭാഗമായി ഒരു പ്രദേശത്തിന്റെ പ്രകൃതിദത്തവും മനുഷ്യനിർമിതവുമായ വിഭവങ്ങൾ കണ്ടെത്തി പഠിക്കുന്നതിന്.
   - നഗരാസൂത്രണപ്രവർത്തനങ്ങൾക്ക്.

5. ധരാതലീയ ഭൂപടങ്ങൾ വായിക്കുന്നതിന് അനിവാര്യമായ ധാരണകൾ എന്തെല്ലാം?

   - ധരാതലീയ ഭൂപടങ്ങളുടെ നമ്പർ ക്രമം
   - സ്ഥാനനിർണയരീതികൾ
   - അംഗീകൃത നിറങ്ങളും ചിഹ്നങ്ങളും
   - ഭൂപ്രദേശത്തിന്റെ ഉയരവും ചരിവും
   - ചിത്രീകരിക്കുന്ന രീതികൾ.

Prepared by
SHIBU P J
MTDMHSS THONDERNAD
WAYANAD, 974785905